## 453

*രീതി: യേശുവേ എൻ പ്രാണനായകാ*

ക്രിസ്തുനാഥനെനിക്കുള്ളവൻ ഞാനുമവനുള്ളവനാം
തൻ നിത്യമാം ദയനിമിത്തം മിത്രമാക്കിത്തീർത്തു
തന്നോടൊത്തുവാസം ചെയ്തിടുവാൻ

1 പ്രാർത്ഥന ചെവിക്കൊള്ളുവാൻ പ്രാപ്തനാണെനിക്കുള്ളവൻ
ഞാനെപ്പൊഴുതപേക്ഷ ചെയ്താലപ്പൊഴേയുപേക്ഷ കൂടാ-
തുത്തരം തരുന്ന പ്രിയൻ-

2 തൻമൊഴികൾ കേൾക്കുകയാലെൻ മനം കുളിർക്കുകയാം
തൻ കൺമണിപോൽ കാത്തിടുന്നു നന്മയിൽ നടത്തിടുന്നു
കന്മഷമകറ്റിടുന്നു-

3 വീണ്ടെടുത്തു തൻ ചോരയാൽ വിണ്ണിലെത്തും നാൾവരെയും
വീഴ്ചയെന്യേ സൂക്ഷിച്ചെന്നെ തൻ മഹിമാസന്നിധിയിൽ
നിർത്തുവാൻ കഴിവുള്ളവൻ-

**T.K.S.**